## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1388 21-3-2012-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗ അവിവാഹിത അമ്മമാർക്ക് സഹായ പദ്ധതി

**ചോദ്യം**
ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)

**ഉത്തരം**
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാരെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ; | (എ) ഉണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർക്ക് സാമൂഹ്യസുരക്ഷാമിഷൻ മുഖേന **സ്നേഹസ്പർശം** എന്ന പദ്ധതി അനുസരിച്ച് 1-1-2010 മുതൽ 1000/- രൂപാ വീതം പ്രതിമാസ പെൻഷനും ഇവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി വീട് മറ്റ് തൊഴിൽദായക പദ്ധതികൾ എന്നിവയും നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത വിഭാഗത്തിൽ കാസർഗോഡ് ജില്ലയിൽ എത്ര പേരുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) 206 |
| (സി) ഇതിൽ ഭൂരിപക്ഷം പേർക്കും പദ്ധതിയുമായി ബന്ധപ്പെട്ട നിബന്ധനമൂലം സഹായം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) അർഹരായ മുഴുവൻ അവിവാഹിതരായ ആദിവാസി അമ്മമാർക്കും സർക്കാരിന്റെ സ്നേഹസ്പർശം എന്ന പദ്ധതി അനുസരിച്ചുള്ള പ്രതിമാസ പെൻഷനും, ഇവരെ പുനരധിവസിപ്പിക്കുന്നതിന്റെഭാഗമായി വീട് ജീവനോപാധികൾ ഇവ നൽകുന്നതിനും തൊഴിൽദായക പദ്ധതികൾ നടപ്പിലാക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടിണ്ട്. |
| (ഡി) എങ്കിൽ നിബന്ധനയിൽ ഇളവുവരുത്തി അവിവാഹിതരായ എല്ലാ അമ്മമാർക്കും മേൽ പദ്ധതിയിലൂടെ സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ? | |

സെക്ഷൻ ഓഫീസർ.